**അടിയന്തരപ്രമേയം**

മി സ്പീക്കർ: ഓർഡർ....ഓർഡർ... റൂൾ 50. സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ ജനവാസകേന്ദ്രങ്ങളിലും കൃഷിസ്ഥലങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണംമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും നിരവധിപേർക്ക് ഗുരുതര പരുക്കുകളേൽക്കുകയും കൃഷിയും സമ്പത്തും നശിക്കുകയുംചെയ്യുന്ന സാഹചര്യത്തിൽ മനുഷ്യജീവനും സ്വത്തിനും സംരക്ഷണം നല്കുന്ന കാര്യത്തിന്റെ ആവശ്യകത സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഇത് ഇന്നലെ ആദ്യത്തെ ചോദ്യമായി അരമണിക്കൂറോളം നമ്മൾ സമയമെടുത്തതാണ്. പ്രശ്നത്തിന്റെ ഗൗരവത്തെക്കുറിച്ച് ആർക്കും സംശയമില്ല. സഭയ്ക്കാകെ ബോദ്ധ്യമുള്ളകാര്യമാണ്. ഇന്ന്, തൊട്ടടുത്ത ദിവസം വീണ്ടും അടിയന്തരപ്രമേയമായി വരികയാണ്. അതുകൊണ്ട് വളരെ സംക്ഷിപ്തമായി അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും വേണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾ ഇന്നലെത്തന്നെ ഈ വിഷയത്തിൽ നോട്ടീസ് കൊടുക്കാൻ തീരുമാനിച്ചിരുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇന്നലെ ബന്ധുവിന്റെ മരണാവശ്യവുമായി ബന്ധപ്പെട്ട് കണ്ണൂർവരെ പോകണമെന്ന് അദ്ദേഹം പറഞ്ഞതുകൊണ്ടാണ് ഞങ്ങൾ ഇന്നത്തേയ്ക്ക് മാറ്റിയത്. ചോദ്യോത്തരവേളയിൽ വരുന്ന ചോദ്യവും അതിൽ ചോദിക്കുന്ന ഉപചോദ്യവും റൂൾ 50-ഉം തമ്മിൽ വലിയ വ്യത്യാസമുണ്ട്. റൂൾ 50 ഒരു റൈറ്റുകൂടിയാണ്. അതുകൊണ്ട് നമ്മളത് ചുരുക്കണമെന്ന് പറയുന്നത്, രണ്ടുമൂന്ന് അംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാൻ കഴിയുന്ന അവസരവും റൂൾ 50-ൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് പറയുന്നതിലും വലിയ വ്യത്യാസമുണ്ട്. ഇത് സംസ്ഥാനം ഒട്ടാകെയുള്ളൊരു വിഷയമാണ്. ഇതൊരു സിംഗിൾ ഇൻസ്റ്റൻസ് പോലുമല്ല യഥാർത്ഥത്തിൽ. സംസ്ഥാനമൊട്ടാകെയുള്ളൊരു ഗൗരവമായൊരു ഇഷ്യൂ ആണ്. അങ്ങ് അത്രയും ഗൗരവത്തോടെ കാണണമെന്നാണ് എന്റെ അഭ്യർത്ഥന.

മി സ്പീക്കർ: റൂൾ 50 പ്രതിപക്ഷത്തിന്റെ അവകാശമെന്നതിനാലാണ് ഇത്

അനുവദിക്കുന്നത്. ഇന്നലെ ഇതിന് അരമണിക്കൂറോളം സമയം നമ്മൾ നീക്കിവച്ചു. കഴിയാവുന്നത്ര അംഗങ്ങൾക്ക് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിൽ തർക്കമൊന്നും ഉണ്ടായിട്ടില്ല. സമയത്തിന്റെ ഒരു പരിമിതികൂടി ഉള്ളതുകൊണ്ട് കഴിയുന്നത്രയും ചുരുക്കി സംസാരിക്കണമെന്ന് പറഞ്ഞതാണ്. അത് ആ സ്പിരിറ്റിൽ എടുക്കുമെന്ന് വിചാരിക്കുന്നു.

<u>ശ്രീ. വി. ഡി.സതീശൻ</u> : വേറൊന്നിലും നിയന്ത്രണമില്ല, റൂൾ 50 -ൽ മാത്രമാണ് നിയന്ത്രണം വരുന്നത്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുതന്നെ കഴിഞ്ഞ സമ്മേളനത്തിൽ ചില വിഷയങ്ങൾ റൂൾ 50-ൽ അനുവദിച്ചതിൽ നന്ദി രേഖപ്പെടുത്തുകയും അഭിനന്ദിക്കുകയും ചെയ്തത് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഉദാരമായ സമീപനംതന്നെയാണ് അതിലുള്ളത്. പക്ഷെ ചെയറിന് ഒരുകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻപോലും പാടില്ലെന്നുള്ള സമീപനം സ്വീകരിക്കരുത്.

(<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഇത് ഇന്നത്തേയ്ക്ക് മാറ്റാനുണ്ടായ

കാരണം പറഞ്ഞതാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട പേരാവൂർ എം.എൽ.എ., ശ്രീ. സണ്ണി ജോസഫ് ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ വളരെ പ്രാധാന്യമുള്ളൊരു സംഭവമാണ് അടിയന്തരപ്രമേയമായി ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളത്. വന്യജീവി ആക്രമണംമൂലം കാർഷിക വിളകൾക്കും മനുഷ്യജീവനും നാശം സംഭവിക്കുന്നുണ്ടെന്നുള്ളകാര്യം ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. പക്ഷെ ഇത് ഇരുതല മൂർച്ചയുള്ളൊരു വാളാണ്. അത് സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉൾക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നാട്ടിൽ വന്യജീവി സംരക്ഷണം ഒരു പ്രധാനപ്പെട്ട കടമയാണ്. ഈ സഭ എന്നെ വന്യജീവി സംരക്ഷണത്തിന്റെ ചുമതലക്കാരനായാണ് വകുപ്പ് എനിക്ക് ഏല്പിച്ചുതന്നിട്ടുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ.....

ശ്രീ. എ. കെ. ശശീന്ദ്രൻ : പറഞ്ഞുതീർന്നാൽ ശ്രീ. എൻ. ഷംസുദ്ദീന്

പ്രശ്നമൊന്നും ഉണ്ടാകില്ല. ഞാൻ സാവകാശത്തിലല്ലേ പറയുന്നത്. എന്തിനാണ് പ്രകോപനമുണ്ടാക്കുന്നത്? ഒരു പ്രധാനപ്പെട്ട പ്രശ്നമല്ലേ? ഒരു പ്രധാനപ്പെട്ട പ്രശ്നം പറയുമ്പോൾ അതിന്റെ ഗൗരവത്തിൽ കാണണം. അതുകൊണ്ടുതന്നെ ഇത്തരം അക്രമ സംഭവങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര പ്രാധാന്യം വനംവകുപ്പ് കൊടുത്തിരുന്നില്ല. കാരണം അവരുടെ ചുമതല വന്യജീവി സംരക്ഷണമാണ്. എന്നാൽ ഗവൺമെന്റ് എന്നനിലയിൽ ബഹുമാനപ്പെട്ട മെമ്പർ അടിയന്തരപ്രമേയത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്. ഇത് രണ്ടും ചേർന്നുകൊണ്ട് പ്രവർത്തിക്കുകയാണ് വനംവകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ചുമതലയെന്ന് ഞാൻ കരുതുകയാണ്. ആ ചുമതല നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ധാരാളം നടപടികൾ ഈ ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഒന്നാമത്തെ പ്രശ്നം, 9 ജില്ലകളിലെ വന മേഖലയുമായി

ചേർന്നുനില്ക്കുന്ന പ്രദേശത്തെ എം.എൽ.എ.-മാരുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. എന്താണ് ശാസ്ത്രീയമായ പരിഹാരം; ആ ശാസ്ത്രീയമായ പരിഹാര നിർദ്ദേശങ്ങൾ ലഭിക്കുന്നതിനുവേണ്ടിയാണ് ആ ശ്രമങ്ങൾ നടത്തിയത്. 1600-ഓളം നിർദ്ദേശങ്ങളാണ് അത് സംബന്ധിച്ച് കിട്ടിയിട്ടുള്ളത്. പക്ഷെ ഒന്നുംതന്നെ ശക്തിപ്പെടുത്തണമെന്ന നിർദ്ദേശമല്ലാതെ ഇന്നവിധത്തിൽ നമുക്ക് ചെയ്യുകൂടെ എന്നൊരു നിർദ്ദേശം ദൗർഭാഗ്യവശാൽ കിട്ടിയിട്ടില്ലെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്. എന്നാൽ നമ്മുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ചില തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോയേ പറ്റുള്ളൂ. രണ്ട് തരത്തിലാണ് ആ പ്രശ്നങ്ങളെ സമീപിക്കാൻ കഴിയുക. ഒന്നാമത്തേത്, ഈ വന-കാർഷിക മേഖലയിലേയ്ക്കും കൃഷിഭൂമിയിലേയ്ക്കും വന്യമൃഗങ്ങളുടെ കടന്നാക്രമണം തടയാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. രണ്ടാമത് അതുമൂലം പ്രയാസമനുഭവിക്കുന്ന നഷ്ടം സംഭവിച്ചവർക്ക് മതിയായ നഷ്ടപരിഹാരം നല്കുക എന്ന രണ്ട് മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുള്ളത്. ഈ രണ്ട്

മാർഗ്ഗങ്ങളിൽ സർക്കാർ സ്വീകരിച്ച നടപടികൾ ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ ഇന്നലെ മാത്രമല്ല, പതിനാലാം സഭയിൽ ഈ വിഷയങ്ങൾ സംബന്ധിച്ച് സബ്മിഷൻ ഉൾപ്പെടെ ഏതാണ്ട് ഇരുന്നൂറോളം ഉപചോദ്യങ്ങളുൾപ്പെടെയുള്ള ചോദ്യങ്ങൾ സഭയുടെ മുമ്പാകെ വന്നിട്ടുണ്ട്. അതിനെല്ലാം സത്യസന്ധമായി മറുപടി പറയാനാണ് ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഞാനിതിന്റെ പ്രയാസം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. വനാതിർത്തികളിൽ ക്രഞ്ചുകൾ സ്ഥാപിക്കുക, ഫെൻസിംഗുകൾ കെട്ടുക, റെയിൽവേ ഫെൻസിംഗ് കെട്ടുക, സോളാർ വേലി കെട്ടുക, ഹാഗിംഗ് സോളാർ വേലികൾ കെട്ടുക ഇത്തരത്തിലുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരികയാണ്. ഓരോ നിയോജകമണ്ഡലത്തിലും ഇത്ര ഇത്ര കിലോമീറ്റർ ദൂരത്തിൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ ശ്രമിച്ചുവരുന്നതിന്റെ കണക്കുകൾ ഞാൻ ഇന്നലെത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മറ്റൊന്ന്, വനത്തിനുള്ളിൽനിന്നും മൃഗങ്ങൾ പുറത്തുവരാതെ അവരെ വനത്തിനുള്ളിൽത്തന്നെ നിർത്താൻവേണ്ടി ചെയ്യേണ്ടത് എന്താണെന്ന് ഇന്നലെ ബഹുമാനപ്പെട്ട സണ്ണിജോസഫ് ഇവിടെ

നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. വനത്തിനുള്ളിൽ വന്യജീവികൾക്കാവശ്യമായ ആവാസ കേന്ദ്രങ്ങളും ഭക്ഷ്യസാധനങ്ങളും ഉണ്ടാക്കുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കുകയെന്നുള്ളതാണ് അതിനുള്ള പരിഹാരമാർഗ്ഗം. അതിന്റെ അടിസ്ഥാനത്തിൽ തടയണകൾ ഉൾപ്പെടെയുള്ളവ കെട്ടി പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. വനാതിർത്തിയുമായി ചേർന്ന് താമസിക്കുന്ന കർഷകർക്ക് അവിടെനിന്നും മാറിത്താമസിക്കണമെങ്കിൽ മതിയായ നഷ്ടപരിഹാരം നൽകിക്കൊണ്ട് അവരെ മാറ്റിത്താമസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് നമുക്കുള്ളതെന്ന് മനസ്സിലാക്കണം. ഈയൊരു സാഹചര്യം നിങ്ങൾക്കെല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. അതുകൊണ്ടുതന്നെ നമ്മൾ പലപ്പോഴായി ചർച്ച ചെയ്തിട്ടുള്ള പ്രശ്നങ്ങളായതുകൊണ്ടും എം.എൽ.എ. മാരുടെ അഭിപ്രായങ്ങൾ ചോദിച്ച്, ഞാൻ തന്നെ കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ കിട്ടിയ നിർദ്ദേശങ്ങൾ അവരുടെയിടയിൽ ചർച്ച ചെയ്തിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഞാൻ

അറിയിക്കുന്നത്. അവരുമായി 9 ജില്ലകളിൽ ചർച്ച നടത്തിക്കഴിഞ്ഞു. ആലപ്പുഴ ജില്ലയൊഴിച്ച് മൂന്നുനാല് ജില്ലകൾകൂടി ബാക്കിയുണ്ട്. അതുകൂടി - ഞാൻ ഇന്നലെ സൂചിപ്പിച്ചതുപോലെ ഇതുസംബന്ധിച്ച സമഗ്രമായ കരട് റിപ്പോർട്ടുകൾ പൂർത്തിയായിട്ടില്ല. ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്- പൂർത്തിയാകുന്ന മുറയ്ക്ക് ഒരു പരിശോധയുംകൂടി നടത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതാണ്. മറ്റൊന്ന്, പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിൽ ഈ പ്രശ്നം കൊണ്ടുവന്നിട്ടുണ്ട്. വളരെ അനുഭാവപൂർവ്വമായ നിലപാടാണ് പ്ലാനിംഗ് ബോർഡ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി നാം ഇപ്പോൾ മുമ്പോട്ടുവച്ചിട്ടുള്ള ഈ പദ്ധതികൾ നടപ്പിലാക്കാനുള്ള സാമ്പത്തിക ഞെരുക്കം പരിഹരിക്കാമെന്നുള്ള ഒരു പ്രതീക്ഷയാണ് എനിക്കുള്ളത്. അവരുടെ പ്രതികരണവും ആശാവഹമായിരുന്നു. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. ആ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന എന്റെ അഭിപ്രായം ഇവിടെ രേഖപ്പെടുത്തുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഇത് കാര്യം നിസ്സാരമല്ല, പ്രശ്നം അതീവഗുരുതരമാണ്. ഇന്നലെ വനം വകുപ്പുമന്ത്രിയോടുള്ള ചോദ്യത്തിൽ നക്ഷത്രചിഹ്നമിട്ട 6 ചോദ്യങ്ങൾ 22 അംഗങ്ങൾ ചോദിച്ചിരുന്നു. 5 written petitions, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അഞ്ച് വ്യത്യസ്ത ജില്ലകളിൽനിന്ന് കർഷകർ കൂട്ടായി 5 പെറ്റീഷനുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അയച്ചു. 5 പെറ്റീഷനുകളും ഹൈക്കോടതി അനുവദിച്ചുകൊണ്ട് സർക്കാരിനാവശ്യമായ നിർദ്ദേശം കൊടുക്കുകയാണ് ചെയ്തത്. അതിനുപുറമെ എന്റെ നിയോജകമണ്ഡലത്തിലെ ആറളത്ത് ആദിവാസി സംഘടനകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി അവിടെ ആന പ്രതിരോധ മതിൽ നിർമ്മിക്കാൻവേണ്ടിയുള്ള ഉത്തരവ് സമ്പാദിച്ചു. ഇപ്പോൾ വയനാട്ടിൽ വീണ്ടും ആളുകൾ പോയിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഇരിട്ടി, പെരുങ്കരിയിൽ 26.19.2021 ഞായറാഴ്ച രാവിലെ ഏഴുമണിക്ക് പള്ളിയിൽ പോകുന്നതിനുവേണ്ടി ചെങ്കഴശ്ശേരി ജെസ്റ്റിൻ എന്ന 38 വയസ്സുകാരൻ ബുള്ളറ്റ് മോട്ടോർ സൈക്കിളിൽ ഭാര്യ അൽഫോൻസയെയുംകൂട്ടി പോകുമ്പോൾ ഈ ദമ്പതിമാരെ ആന

ആക്രമിച്ചു. അദ്ദേഹത്തിന്റെ വീട്ടിനടുത്തുനിന്നും എട്ട് കിലോമീറ്റർ ദൂരത്തിലാണ് കർണ്ണാടക വനാതിർത്തി. ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ല; ആ പ്രദേശത്ത് ഒരിക്കലും ഒരു കാട്ടാന വന്നിട്ടില്ല. എന്നാൽ പള്ളിയിലേക്ക് പോയ അവരുടെ ബൈക്ക് തകർത്തു, ജെസ്റ്റിനെ കുത്തി, അവിടെയൊരു യുദ്ധക്കളം പോലെയാക്കി; അദ്ദേഹം രണ്ടുമൂന്ന് റബ്ബർ പ്ലാറ്റ്ഫോമിന്റെ അപ്പുറത്ത് മറിഞ്ഞുകിടന്നു. ഭാര്യ പരിക്കേറ്റുകിടന്നു, നാട്ടുകാരും ഫോറസ്റ്റ് ഉദ്യോഗസ്ഥരുമെല്ലാം അവരെ കണ്ടെത്തി ആശുപത്രിയിലെത്തുമ്പോഴേക്കും ജെസ്റ്റിൻ മരിച്ചു, ഭാര്യയ്ക്ക് ഗുരുതരമായി പരിക്കേറ്റു. പള്ളിയിലേക്ക് പുറപ്പെട്ടയാളുടെ മൃതശരീരമാണ് ആളുകൾ വഹിച്ച് പള്ളിയിലേയ്ക്ക് കൊണ്ടുപോയത്. ആ മൃതശരീരത്തിൽ അന്ത്യചുംബനം നൽകാൻ ഭാര്യ അൽഫോൻസയ്ക്ക് സാധിച്ചില്ല. അവർ ആശുപത്രിയിൽ വെന്റിലേറ്ററിലായിരുന്നു. ഇത് കേവലം ഒരു സ്ഥലത്ത് മാത്രമല്ല, കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് കേരള സംസ്ഥാനത്ത് 125 ആളുകളെ കാട്ടാന കൊന്നുവെന്നത് കഴിഞ്ഞദിവസത്തെ നിയമസഭാ ചോദ്യത്തിൽ വന്നതാണ്.

കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ എന്റെ നിയോജകമണ്ഡലത്തിൽ മാത്രം പത്തുപേരെയാണ് കാട്ടാന കൊന്നത്. അതിൽ അധികംപേരും ആദിവാസികളാണ്. ആറളം ആദിവാസി പുനരധിവാസ മേഖലയിൽപ്പെട്ടതാണ്. ഞാൻ പേരുകൾ വായിക്കുന്നില്ല. അതുപോലെ സെപ്റ്റംബർ 25-ന് അട്ടപ്പാടിയിലെ മാരിജയെ ആനകുത്തികൊന്നു. 24-ന് ചിന്നക്കനാലിലെ ബിജിയെ ആന കൊന്നു. 18.05.2021-ന് മലപ്പുറത്തെ ഷാജഹാൻ പുരയിടത്തിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ കൊല ചെയ്യപ്പെട്ടു. 01.05.2021-ന് എടവണ്ണയിലെ സെബാസ്റ്റ്യൻ ആന കുത്തി കൊല ചെയ്യപ്പെട്ടു. ഈ വർഷം ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിൽ മാത്രം ആറുപേരെ ആന കൊലപ്പെടുത്തി. ഒരേ തോട്ടം തൊഴിലാളികളായ, പാലപ്പള്ളിയിലെ പീതാംബരൻ, സൈനുദ്ദീൻ എന്നിവരെ ആഗസ്റ്റ് 30-നാണ് ആന കുത്തിയത്. ആഗസ്റ്റ് 11-ന് സുബ്രിൻ കാരിക്കടവ്, മാർച്ച് 23-ന് അയ്യപ്പൻ കാരിക്കടവ്, മാർച്ച് 19-ന് രാജേഷ് പിള്ളപ്പാറ, 28.01.2021-ന് ഉണ്ണിച്ചെക്കൻ പാലപ്പിള്ളി എന്നിവർ കൊലചെയ്യപ്പെട്ടു. പെരുമ്പാവൂരിൽ മുൻ

പഞ്ചായത്ത് മെമ്പറെ ആന ചവിട്ടിക്കൊലപ്പെടുത്തി. അതുപോലെ, വയനാട്ടിൽ മൂന്ന് മനുഷ്യജീവനുകൾ കൊലചെയ്യപ്പെട്ടതുമാത്രമല്ല അവരുടെ ശരീരം മുഴുവനും കടുവ ഭക്ഷിച്ചു. ഇത് പത്രങ്ങളിൽ വലിയ വാർത്തയായി വന്നു. ചിലതെല്ലാം പ്രാദേശിക വാർത്തയായി വരുന്നു. ഏഷ്യാനെറ്റിൽ 'കാടിറങ്ങുന്ന പോര്' എന്ന പേരിൽ പരമ്പര തന്നെയുണ്ട്. മലയാള മനോരമ ഉൾപ്പെടെയുള്ള പത്രങ്ങളിൽ വരുന്ന വാർത്തകൾ മുഴുവൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടില്ല. 'ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കാട്ടാന ശല്യം', 'ചന്ദനക്കാംപാറയിൽ 25 കുടുംബങ്ങൾ കുടിയൊഴിഞ്ഞു', 'വീടുകളിൽ കയറിയ കാട്ടാനക്കൂട്ടം', 'നെഞ്ചിൽ തീയുമായി മനുഷ്യർ', 'കാടിറങ്ങുന്നു', 'വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലേക്ക്', 'വിതുരയെ വിറപ്പിച്ച് കാട്ടുപോത്ത്', 'കുഞ്ഞിനെയുമെടുത്ത് രാത്രി ഇറങ്ങിയോടി', 'വീട് ആന ചവിട്ടി ഞെരിച്ചു' ഇതെല്ലാമാണ് പത്രങ്ങളിൽ വരുന്നത്. അതുപോലെ പാലക്കാട് കഞ്ചിക്കോട് ഐ.ഐ.ടി. ക്യാമ്പസിൽ രാവിലെ ഇറങ്ങിയ ആന ഉച്ചവരെ അവിടെ നിന്നു. എട്ട് ആനകളുടെ ഫോട്ടോയുണ്ട്, അങ്ങയുടെ ജില്ലയിൽ. ഇതെല്ലാം ഇന്ന് വാർത്തകളിൽ വലിയ

സ്ഥാനം പിടിക്കുന്നു. ഇതിനൊന്നും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല; പേരിനുമാത്രം നടപടികളുണ്ട്. കേരളത്തിൽ 1993-ൽ ആനകളുടെ എണ്ണം 4286, 2011-ൽ 7384 ഇപ്പോൾ എണ്ണായിരത്തിലധികം ആനകൾ കേരളത്തിന്റെ വനത്തിനുള്ളിലുണ്ട്. കർണ്ണാടക വനവുമായി കേരളം ബന്ധപ്പെട്ടുനിൽക്കുകയാണ്. കർണ്ണാടക വനം ഉയർന്ന പ്രദേശത്താണ്. അത് തമിഴ്നാടുമായി ബന്ധപ്പെട്ടുനിൽക്കുകയാണ്. കേരളത്തിലാണ് പുഴകളും കുറേക്കൂടി ജലസമ്പത്തുമുള്ളത്. അതുകൊണ്ട് കേരളാതിർത്തിയിലേക്ക് വനങ്ങൾ വരികയാണ്. കേരളത്തിന്റെ വനവിസ്തൃതി 11521.81 സ്ക്വയർ കിലോമീറ്ററാണ്. ഇത് ഭൂവിസ്തൃതിയുടെ 29.65 ശതമാനമാണ്. ഇതിൽ 1.56 ലക്ഷം ഹെക്ടർ തോട്ടങ്ങളാണ്. അവിടെയെല്ലാം തേക്കും യൂക്കാലിയുമായതിനാൽ ആനകൾക്ക് നിൽക്കാൻ കഴിയില്ല. അപ്പോൾ ആനകൾക്ക് സ്ഥലപരിമിതിയുണ്ട്, ഒരാനയ്ക്ക് ക്യാരിയിംഗ് കപ്പാസിറ്റിയുണ്ട്. ഒരാനയ്ക്ക് ഏതാണ്ട് 25 സ്ക്വയർ കിലോ മീറ്റർ ശരാശരി സ്ഥലം വേണം. അത് കേരളത്തിന് ലഭ്യമല്ല. ആനകളുടെ എണ്ണം കൂടുന്നു. അമേരിക്കയിൽ യെല്ലോ

സ്റ്റോൺ നാഷണൽ പാർക്കിൽ കാട്ടുപോത്തുകളുടെ എണ്ണം കൂടിയപ്പോൾ 600 കാട്ടുപോത്തുകളെ വെടിവച്ച് കൊലപ്പെടുത്തി ഭക്ഷ്യവസ്തുവാക്കാൻവേണ്ടി തീരുമാനിച്ചിരുന്നു. അതുപോലെ ആസ്ട്രേലിയയിലെ ദേശീയമൃഗം കങ്കാരുവാണ്. കങ്കാരുവിന്റെ എണ്ണം കൂടുമ്പോൾ അതിനെ വെർമിനായി പ്രഖ്യാപിച്ച് ആളുകൾക്ക് കൊല്ലാനുള്ള അനുവാദം കൊടുക്കുന്നു. ഇവിടെ മന്ത്രി പറഞ്ഞു, വന്യമൃഗങ്ങൾക്ക് സംരക്ഷണം കൊടുക്കണം, അതിനായി രാജ്യത്ത് 1972-ലെ വൈൽഡ് പ്രൊട്ടക്ഷൻ ആക്റ്റുണ്ട്. അക്കാര്യം അംഗീകരിക്കുന്നു. പക്ഷേ അതിനേക്കാളുപരിയായി അല്ലെങ്കിൽ അതിന് തുല്യമായി ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന മൗലീകാവകാശങ്ങളിലൊന്നാണ് റൈറ്റ് ടു ലൈഫ് ആൻഡ് പ്രോപ്പർട്ടി. മനുഷ്യന് ജീവിക്കണ്ടേ, ആർട്ടിക്കിൾ 21 അനുസരിച്ച് സർക്കാരിന് ബാദ്ധ്യതയില്ലേ? ഇതിനാവശ്യമായ പദ്ധതികൾ മന്ത്രി തന്നെ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് 14.01.2021-നും 22.01.2021-നും (അതായത് തെരഞ്ഞെടുപ്പിനോടടുത്ത്) ഭരണകക്ഷിയിലെ അംഗങ്ങൾ ചോദിച്ച ചോദ്യത്തിന് അന്നത്തെ വനം വകുപ്പുമന്ത്രി നൽകിയ

മറുപടി എന്റെ പക്കലുണ്ട്. അതിൽ കാര്യമായി ഒന്നും ചെയ്യുന്നില്ല എന്ന് ഓരോ പോയിന്റും വച്ചുകൊണ്ട് എനിക്ക് സമർത്ഥിക്കാൻ സാധിക്കും. സമയക്കുറവുകൊണ്ട് ഞാനത് ഇപ്പോൾ വായിക്കുന്നില്ല. ഇന്നലത്തെ ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി പറഞ്ഞ മറുപടിയെന്താണ്? പണലഭ്യതയനുസരിച്ച് ചെയ്യുമെന്നാണ് മാനന്തവാടി നിയോജകമണ്ഡലത്തിലെ അംഗം ശ്രീ. ഒ. ആർ. കേളു ഉൾപ്പെടെയുള്ളവരുടെ ചോദ്യത്തിന് മന്ത്രി മറുപടിയായി പറഞ്ഞത്. ഇപ്പോഴും പണലഭ്യതയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഞാൻ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി അംഗമാണ്. അത് ഞാൻ ചോദിച്ചുവാങ്ങിയതാണ്. എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ രണ്ട് വന്യജീവി സങ്കേതങ്ങളുള്ളതുകൊണ്ടും വന്യമൃഗശല്യം അതിരൂക്ഷമായതുകൊണ്ടും പ്രസ്തുത സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ പത്ത് വർഷമായി അംഗമാണ്. ഈ വർഷം വനം വകുപ്പിന്റെ ഈ ആവശ്യത്തിനായി കേരള ബഡ്ജറ്റിൽ ആകെ 22 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആറളത്തെ വൈൽഡ് ലൈഫ് ഏരിയയിൽ മതിൽ പണിയുന്നതിനുള്ള എസ്റ്റിമേറ്റ് സാങ്ഷൻ ചെയ്തിരിക്കുന്നത്

22 കോടി രൂപയ്ക്കാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുന്നത് 22 കോടി രൂപയാണ്. മുൻമന്ത്രി ശ്രീ. എ. കെ. ബാലൻ അവിടെ വന്നപ്പോൾ നിവേദനം നൽകി കാര്യം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മുൻകയ്യെടുത്ത് പട്ടികവർഗ്ഗ വികസന വകുപ്പാണ് 22 കോടി രൂപയ്ക്ക് ആറളം വൈൽഡ് ലൈഫ് ഏരിയയിൽ മതിൽ പണിയുന്നതിന് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. ഞങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ രണ്ട് കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടത്. കൂടുതൽ ആവശ്യപ്പെട്ട ആളുകളുണ്ട്. രണ്ട് കോടി രൂപ അധികം ചോദിച്ചിട്ടും മറുപടി കിട്ടിയത് ചെലവഴിക്കുന്ന മുറയ്ക്ക് ചെയ്യാമെന്നാണ്. ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ സംരക്ഷണത്തിനും അതിന്റെ പദ്ധതിക്കുമായി കേന്ദ്രം 74 കോടി രൂപ അനുവദിച്ചെങ്കിലും 2021 വരെ അതിൽ 30 കോടി രൂപ കേരളം ചെലവഴിച്ചിട്ടില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഫണ്ട് കണ്ടെത്താൻ സാധിക്കുന്നില്ല. നഷ്ടപരിഹാരം പ്രധാനപ്പെട്ടൊരു കാര്യമാണ്. വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്ന വ്യക്തിക്ക് 2018-ൽ നഷ്ടപരിഹാരം പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഈയടുത്ത് മുപ്പത്തിയെട്ട് വയസ്സുള്ള ജസ്റ്റിൻ എന്നയാൾ ഇത്തരത്തിൽ

മരണപ്പെടുകയുണ്ടായി. അദ്ദേഹം ബിസിനസ് നടത്തിയിരുന്നു. രാവിലെ റബ്ബർ ടാപ്പിംഗിന് ശേഷമാണ് ബിസിനസിന് പോകുന്നത്. ആ വീട്ടിൽ ഞാൻ പലവട്ടം പോയിരുന്നു. ഈ പത്ത് ലക്ഷം രൂപ മതിയാകുമോ? അതുകൊണ്ട് മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽപോലെ പ്രായം, തൊഴിൽ, ജീവിതത്തിന്റെ ആയുസ്സ് തുടങ്ങിയവയെല്ലാം നോക്കി അവർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകണം. ആശ്രിതർക്ക് ജോലി നൽകണം. താത്കാലിക ജോലി കൊടുത്ത കാര്യം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ പറഞ്ഞു. അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ മരണപ്പെട്ട ആളുടെ  വിധവയ്ക്ക് താത്കാലിക ജോലി നൽകി. താത്കാലിക ജോലി പോര, ആശ്രിത നിയമനം ഒരു വ്യവസ്ഥയാക്കണം. വന്യജീവികളുടെ ആക്രമണത്തിൽ സ്ഥിരമായി അംഗവൈകല്യം സംഭവിക്കുന്ന ആളുകൾക്ക് രണ്ട് ലക്ഷം രൂപ മാത്രമാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ വനാതിർത്തിയിൽനിന്ന് പത്ത് കിലോമീറ്റർ ദൂരത്തിൽ താമസിക്കുന്ന മുഴക്കുന്നിലെ വിനോദ് കുമാർ എന്ന വ്യക്തി വിമാനത്താവളത്തിൽ പോയി തിരിച്ച് ബൈക്കിൽ വീട്ടിലേയ്ക്ക് വരുമ്പോൾ

രാവിലെ അഞ്ചര മണിക്ക് കാട്ടാനയുടെ ആക്രമണം ഉണ്ടാകുകയും അദ്ദേഹത്തിന്റെ ചികിത്സയ്ക്ക് പതിനഞ്ച് ലക്ഷം രൂപ ചെലവാകുകയും ചെയ്തു. ഇക്കാര്യം ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരെ കണ്ടു. അവസാനം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആരോഗ്യ വകുപ്പിൽനിന്ന് ആറ് ലക്ഷം രൂപ അനുവദിച്ചുനൽകി. പതിനഞ്ച് ലക്ഷത്തോളം രൂപ ചെലവായ സ്ഥാനത്താണിത്. പെർമനന്റ് ഡിസ്എബിലിറ്റിക്കാണ് രണ്ട് ലക്ഷം രൂപ അനുവദിക്കുന്നത്. ഈ തുക വർദ്ധിപ്പിച്ച് ആവശ്യമായ ചികിത്സാച്ചെലവ് കൊടുക്കാൻ സാധിക്കണം. Loss of income, pain and suffering, mental agony, sufficient and adequate compensation to be given for all these matters. അതുപോലെതന്നെ കൃഷിനാശത്തിന് കൊടുക്കുന്ന നഷ്ടപരിഹാരം 08.01.2015-ലെ ഉത്തരവ് അനുസരിച്ചാണ്. അത് ഇതുവരെ പരിഷ്കരിച്ചിട്ടില്ല. നെല്ലിന് ഒരു ഹെക്ടറിന് പതിനൊന്നായിരം രൂപയും കായ്ക്കുന്ന തെങ്ങിന് 770 രൂപയും കുലച്ച നേന്ത്രവാഴയ്ക്ക് 110 രൂപയും റബ്ബർ ടാപ്പിംഗിന് 330 രൂപയുമാണ് നൽകുന്നത്. ഇത് ഇത്രനാളായിട്ടും പരിഷ്കരിച്ചിട്ടില്ല. കൃഷി നശിച്ച ആളുകൾക്ക്

രണ്ട് വർഷമായിട്ട് ഒരു പൈസയും നഷ്ടപരിഹാരം കൊടുത്തിട്ടില്ല. 2017-ൽ കൃഷിവകുപ്പ് വിള ഇൻഷ്വറൻസിനുവേണ്ടി ഒരു പാറ്റേൺ ഉണ്ടാക്കി. വിള ഇൻഷ്വറൻസ് പ്രകാരം ഒരു ഹെക്ടർ നെല്ലിന് 35,000 രൂപയും ഒരു തെങ്ങിന് 2000 രൂപയും റബ്ബറിന് 1000 രൂപയും വാഴയ്ക്ക് 330 രൂപയുമാണ് നൽകുന്നത്. വനംവകുപ്പ് കൊടുക്കുന്ന തുക യഥാക്രമം 11,000 രൂപ, 770 രൂപ, 330 രൂപ, 110 രൂപ എന്നിങ്ങനെയാണ്. അതുകൊണ്ട് കൃഷി നഷ്ടപരിഹാരം സമയത്ത് കൊടുത്തുതീർക്കണം. അതോടൊപ്പംതന്നെ ആവശ്യമായ രീതിയിൽ സംഖ്യ വർദ്ധിപ്പിക്കുകയും വേണം. ബീഹാറിൽ പന്നികളെയും നീൽഗായ് (നീലക്കാള)എന്ന മൃഗത്തെയും ഹിമാചൽപ്രദേശിൽ കാട്ടുകുരങ്ങിനെയും വെർമിനായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ മിനിഞ്ഞാന്ന് യാത്രക്കാരുമായി സഞ്ചരിച്ചുകൊണ്ടിരുന്ന ബസിൽ കാട്ടുകുരങ്ങ് തേങ്ങ വലിച്ചെറിഞ്ഞതുകാരണം ഡ്രൈവർക്കും ആളുകൾക്കും പരിക്കേറ്റു. ഇതുസംബന്ധിച്ച് വാർത്തയുണ്ടായിരുന്നു. ഇതുസംബന്ധിച്ച് കത്ത് വേണമെന്നുപറഞ്ഞ് അവരെന്നെ വിളിച്ചിരുന്നു. ഈ വിഷയം വളരെ ഗൗരവമുള്ളതാണ്. - അങ്ങ് ഇപ്പോൾ അടിച്ച ഹോൺ ആനയെ

വിരട്ടുന്നതിനുവേണ്ടി വയ്ക്കേണ്ടതാണ്- ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കണം, ഫണ്ട് കണ്ടെത്തണം.

മി. സ്പീക്കർ: ആനയെ വിരട്ടാൻ പറ്റിയ ശബ്ദംകൊണ്ടുപോലും അങ്ങയെ നിയന്ത്രിക്കാൻ പറ്റുന്നില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, അതെനിക്കറിയാം. ഈ വിഷയത്തിന്റെ ഗൗരവവും സഭയുടെ പൊതുവികാരവും കണക്കിലെടുത്താണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയം ഉന്നയിക്കാൻ അവസരം തന്നത്. ഇന്നലെ ചോദ്യോത്തരവേളയിൽ വന്ന വിഷയം ആവർത്തിച്ച് ചർച്ചയ്ക്ക് അനുമതി തേടിക്കൊണ്ട് സംസാരിക്കാൻ അനുവാദം തന്നതിൽ ഞാൻ നന്ദി പറയുന്നു. ഇത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ശ്രീ. എ. പ്രഭാകരൻ മലമ്പുഴ അംഗമാണ്. മലമ്പുഴ നിയോജകമണ്ഡലത്തിലെ അംഗമായിരിക്കുമ്പോൾ ബഹുമാന്യനായ വി. എസ്. അച്യുതാനന്ദൻപോലും ഇവിടെ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ഞങ്ങളെല്ലാവരും ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. മന്ത്രി പറഞ്ഞ പല കാര്യങ്ങളും ഇപ്പോഴും ഏട്ടിലെ പശുവാണ്, അത് പുല്ല് തിന്നില്ല. വഞ്ചി ഇപ്പോഴും

തിരുനക്കരത്തന്നെ നിൽക്കുകയാണ്. അതുകൊണ്ട് ഫലപ്രദമായ നടപടികൾ കണ്ടെത്തണം. ഫണ്ടില്ലെങ്കിൽ ഒന്നുകിൽ കേന്ദ്ര ഫണ്ട്, അല്ലെങ്കിൽ കിഫ്ബിയിൽനിന്ന് ആവശ്യമായ പണം കണ്ടെത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വനംവകുപ്പിന്റെയും ധനകാര്യവകുപ്പിന്റെയും യോഗം വിളിക്കണം. ഇത് സഭ നിർത്തിവച്ചുതന്നെ ചർച്ച ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ വിഷയം അവതരിപ്പിച്ചപ്പോൾത്തന്നെ, നടപടികൾ സ്വീകരിക്കുന്നുണ്ട്, പണലഭ്യതയുടെ പോരായ്മയാണ് എന്ന് അദ്ദേഹം പറയുകയുണ്ടായി. അതുകൊണ്ടാണ് ഇത് പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. അടുത്ത വർഷം മുതൽ ആരംഭിക്കുന്ന പ്ലാൻ അനുസരിച്ചുള്ള പദ്ധതിയിൽ മതിയായ പരിഗണന നൽകാമെന്ന് എനിക്ക് വാക്ക് കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതോടുകൂടി പണത്തിന്റെ ലഭ്യത നമുക്ക് ഉറപ്പുവരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് ഞാൻ നേരത്തെ ഇവിടെ വ്യക്തമാക്കിയിട്ടുള്ളതാണ്. യഥാസമയം മുന്നറിയിപ്പ് നൽകാനായി നമ്മുടെ

സംസ്ഥാനത്തെ 17 മേഖലകളിൽ ഡ്രോൺ നിരീക്ഷണം നടത്തുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുകയാണ്. മുന്നറിയിപ്പ് നൽകാൻ രണ്ടോ മൂന്നോ മിനിട്ട് താമസം വന്നതുകൊണ്ട് നമുക്ക് ഒരു ജീവൻ രക്ഷിക്കാൻ കഴിയാതെപോയ കാര്യം ഇവിടെ പറയുകയുണ്ടായി. ആർ.ആർ.ടി.(റാപ്പിഡ് റെസ്പോൺസ് ടീം)-കളും ജനജാഗ്രതാ സമിതികളും ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ഞാൻ ഇന്നലെ കാസർഗോഡ് ഉദാഹരണമായി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നമ്മൾ ഇതിനകം 246 ജനജാഗ്രതാ സമിതികൾ ഉണ്ടാക്കിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലും ജനജാഗ്രതാ സമിതികൾ ഉണ്ടാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾകൊണ്ടുമാത്രമെ യഥാകാലത്ത് ആ പ്രദേശത്ത് ആവശ്യമായിട്ടുള്ള നടപടികൾ നിർവ്വഹിക്കാൻ കഴിയൂ. എല്ലാ സ്ഥലത്തും ഒരേ പാറ്റേണല്ല ഉള്ളതെന്ന് വനമേഖലയിൽ താമസിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർക്കെല്ലാവർക്കും അറിയാവുന്നതാണ്. പുതുതായി 197 കുളങ്ങൾ നിർമ്മിക്കുകയും 723 കുളങ്ങൾ വൃത്തിയാക്കുകയും ചെയ്യണമെന്നാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. അങ്ങനെയാണ് ശാശ്വത പരിഹാരത്തിലേയ്ക്ക് പോകുന്നത്.

വെടിവയ്ക്കൽ ഒരു ശാശ്വത പരിഹാരമല്ല, അത് ഒരിക്കലും പ്രോത്സാഹിപ്പിക്കാൻ പറ്റുന്നതുമല്ല. നമുക്ക് ശാശ്വത പരിഹാരമാണ് വേണ്ടത്. എന്തുകൊണ്ട് വെർമിനായി പ്രഖ്യാപിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നില്ല എന്ന് പലപ്പോഴായി ഈ സഭയിൽ ചോദ്യങ്ങൾ ഉയർന്നുവന്നതാണ്. നിലവിലുള്ള നിയമമനുസരിച്ച്, കൃഷിഭൂമിയിൽ അതിക്രമം കാണിക്കുന്ന വന്യജീവികളെ വെടിവയ്ക്കാനുള്ള അധികാരം ലൈസൻസുള്ള തോക്കുധാരികൾക്കുണ്ട്. അവരുടെ എംപാനൽ തയ്യാറാക്കി ഫോറസ്റ്റിനെയും ഗ്രാമപഞ്ചായത്തിനെയും അറിയിക്കണമെന്ന് മാത്രമേയുള്ളൂ. കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുമ്പോൾ അതിൽനിന്നും രക്ഷപ്പെടാൻ അവയെ വെടിവച്ചുകൊന്നാൽ മതി. എന്നാൽ ഒരു നിബന്ധനയും നിയന്ത്രണവുമില്ലാതെ കാട്ടുമൃഗങ്ങളെ വെടിവച്ച് കൊല്ലാനുള്ള അനുവാദം വേണമെന്നുള്ളതാണ് ഈ ആവശ്യത്തിന് പുറകിലുള്ളത്. ആ ന്യായം അംഗീകരിക്കാൻ ഏതായാലും കേന്ദ്ര ഗവൺമെന്റ് തയ്യാറല്ല. ഏത് കാര്യവും അങ്ങനെയാണല്ലോ. അനിയന്ത്രിതമായി അനുവദിക്കാൻ പറ്റില്ല. ഞാൻ ഇന്നലെ പറയാൻ മടിച്ചതാണ്, ഈ ഒന്നര മാസത്തിനിടയിൽ 504 കാട്ടുപന്നികളെ വടിവച്ചിട്ടുണ്ട്.

അങ്ങനെ ഞാൻ പ്രഖ്യാപിക്കുന്നത് ഇരുതല മൂർച്ചയുള്ള ഒരു വാളാണ്. അത് ഇന്നലെ ഞാൻ സഭയെ അറിയിച്ചതാണ്. അങ്ങനെ പറയാൻ ദയവായി നിർബന്ധിക്കരുത്. കാരണം രണ്ട് വശങ്ങളും കാണാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ടെന്ന് ഞാൻ ഇന്നലെയും അറയിച്ചതാണ്, ഇന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു. നമുക്ക് ഫലപ്രദമായ നടപടികളാണ് വേണ്ടത്. വനം വകുപ്പിലെ ജീവനക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ആർ.ആർ.ടി.-കളുടെ എണ്ണവും ഫോറസ്റ്റ് സ്റ്റേഷനുകളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതൊക്കെ ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു പദ്ധതിയാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഏത് കാര്യത്തിനും ഇപ്പോഴുള്ള ഒരു കാര്യം ചെയ്യണമെങ്കിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചേ പ്രവർത്തിക്കാൻ കഴിയൂ. നിലവിലുള്ള ബഡ്ജറ്റിലെ പ്രൊവിഷൻകൂടി പരിഗണിച്ചുകൊണ്ടേ ചെയ്യാൻ കഴിയൂ എന്ന സത്യസന്ധമായ കാര്യം സഭയിൽ ഞാൻ പറഞ്ഞതാണ്. പ്രതിപക്ഷത്തിരിക്കുന്നവർ ഭരിച്ചിരുന്നപ്പോഴും അവർക്കൊക്കെ ഇതറിയാം. ഒരു നടപടിക്രമം അനുസരിച്ചേ സർക്കാരിന് പ്രവർത്തിക്കാൻ കഴിയൂ. ആ പ്രശ്നമൊഴിച്ച് ബാക്കി എല്ലാ

പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുമെന്നുതന്നെ ഞാൻ ഒരിക്കൽക്കൂടി സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന ആവശ്യം അനുവദിക്കേണ്ടതില്ലെന്നുതന്നെയാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് ഈ വിഷയത്തിന് അവതരണാനുമതി നൽകിയതിൽ ഞാൻ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുകയാണ്. ഇങ്ങനെയൊരു പ്രത്യേക സാഹചര്യത്തിൽ ഇന്നലത്തേതിൽനിന്നും ഇന്നത്തേയ്ക്ക് മാറ്റിവയ്ക്കുന്നതിനെക്കുറിച്ച് ഞാൻ പരാമർശിച്ചുമാത്രമാണ്, അതിനെ തെറ്റിദ്ധരിക്കരുത്.

ഇത് വളരെ ഗുരുതരമായ ഒരു വിഷയംതന്നെയാണ്. കേരളത്തിലെ ഒൻപത് ജില്ലകളിൽനിന്നും ഇതുസംബന്ധിച്ച് വ്യാപകമായ

പരാതികളാണുയരുന്നത്. ആഗോളതലത്തിലും ദേശീയതലത്തിലും ഒക്കെയുള്ള പ്രശ്നമാണിതെങ്കിലും കേരളത്തിൽ അത് വളരെ ഗുരുതരമാണ്. മനുഷ്യന്റെ ജീവനും ഉപജീവനമാർഗ്ഗങ്ങളും നഷ്ടപ്പെടുമ്പോൾ അവൻ അതിശക്തമായി പ്രതികരിക്കുകയും മനുഷ്യനും വന്യജീവികളും തമ്മിലുള്ള വലിയ സംഘർഷത്തിലേയ്ക്ക് അത് ഇടവരുത്തുകയും ചെയ്യും. Man-Animal Conflict എന്ന വാക്കല്ല ഇപ്പോൾ ഉപയോഗിക്കുന്നത്, അത് തെറ്റാണ്. Man എന്ന വാക്ക് ഇപ്പോൾ ഉപയോഗിക്കാറില്ല, Human എന്നാണ് പറയാറുള്ളത്. അതുപോലെ Mankind എന്ന് പറയാറില്ല, Humankind എന്നതാണ് ശരി. Human-Wildlife Conflict എന്നാണ് ഇന്ന് ആഗോളതലത്തിൽ ഇതിനെക്കുറിച്ച് പറയുന്നത്. മനുഷ്യരുടെ ഉപജീവനമാർഗ്ഗമായ കൃഷി, വനാതിർത്തിയിൽ ജീവിക്കുന്നവരുടെ ജീവൻ എന്നിവ അപകടത്തിലാക്കുന്ന ഒരു ഗുരുതരമാണ് പ്രശ്നമാണിത്. നമ്മൾ ഇതിന്റെ മൂലകാരണങ്ങൾ കൂടി അന്വേഷിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ ചില കാരണങ്ങളോട് ഞാൻ യോജിക്കുകയാണ്. ഒരു മന്ത്രി എന്നുള്ള നിലയിലും വകുപ്പിനും വന്യജീവികളുടെ സംരക്ഷണംകൂടി ആവശ്യമാണ്. വന്യജീവികൾ

സംരക്ഷിക്കപ്പെടുകതന്നെ വേണം, അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷെ അതുകാരണം മനുഷ്യന്റെ ജീവനും സ്വത്തും അപകടത്തിലാകുമ്പോൾ അതിനെ എങ്ങനെ സംരക്ഷിക്കാൻ കഴിയും എന്ന ഉത്തരവാദിത്തംകൂടി സർക്കാരിനുണ്ട് എന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്. ഇവിടെ എന്തുകൊണ്ടാണ് അത് സംഭവിച്ചത്? കാലാകാലങ്ങളായി വന്യജീവികളുടെ എണ്ണം കൂടുകയും അവയുടെ ആവാസവ്യവസ്ഥയുടെ വിസ്തൃതിയിൽ കുറവുണ്ടായിരിക്കുകയുമാണ്. ഒരു ആനയ്ക്ക് വേണ്ട സ്ഥലത്തെക്കുറിച്ച് ശ്രീ. സണ്ണി ജോസഫ് ഇവിടെ സൂചിപ്പിച്ചു. ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ കണ്ടീഷൻ അനുസരിച്ച് ഒരു കടുവയ്ക്ക് ജീവിക്കേണ്ടത് 20 സ്ക്വയർ കിലോമീറ്ററിലാണ്. നമ്മുടെ പല കടുവാ സങ്കേതങ്ങളിലും 20 സ്ക്വയർ കിലോമീറ്റർ ഒരു കടുവയ്ക്കില്ല. പിന്നെ ബഫർ സോണുകൾ ഏർപ്പെടുത്താനുള്ള സൗകര്യങ്ങളൊന്നും കാട്ടിലില്ല. വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നത് ജനസംഖ്യ വർദ്ധിക്കുമ്പോഴുണ്ടാകുന്ന പ്രശ്നംപോലെതന്നെയുള്ള ഒരു പ്രശ്നമാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വന്യജീവികളുടെ ആവാസവ്യവസ്ഥയിലുണ്ടാകുന്ന കുറവിൽ മനുഷ്യർക്കുള്ള പങ്ക്

അങ്ങ് കാണുന്നുണ്ടെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും ഞാൻ അതാണ് പറയുന്നത്. ആവാസവ്യവസ്ഥയുടെ വിസ്തൃതിയിൽ വന്ന മാറ്റമുൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ട്. അതുപോലെ വനാതിർത്തികളിൽ വന്യജീവികളെ ആകർഷിക്കുന്നതരത്തിലുള്ള കൃഷിരീതികളിലൊക്കെ മാറ്റമുണ്ടാകണം. അത്തരത്തിൽ സമഗ്രമായ ഒരു പ്ലാൻ സർക്കാരിനുണ്ടാകണം. മറ്റുചില രാജ്യങ്ങളിലും നമ്മുടെതന്നെ മറ്റ് സംസ്ഥാനങ്ങളിലും വന്യമൃഗങ്ങൾ കാട്ടിൽനിന്നും ഇറങ്ങാതിരിക്കുന്നതിനുവേണ്ടി മുളക് കൃഷി ഉൾപ്പെടെ നടത്തി കൃഷിരീതികളിൽ പലതരത്തിലുള്ള മാറ്റം വരുത്തുകയാണ്. അതുപോലെതന്നെ വന്യമൃഗങ്ങൾ പുറത്തേയ്ക്ക് വരുന്നതിന് കാട്ടുതീ ഒരു പ്രധാന കാരണമാണ്. ആനകൾ നാട്ടിലേയ്ക്കിറങ്ങുന്നതിന്റെ പ്രധാനപ്പെട്ട കാരണം അവയുടെ സഞ്ചാരപഥങ്ങളായ ആനത്താരകൾക്കുണ്ടാകുന്ന തടസ്സമാണ്. എല്ലാ ദിവസവും ഒരു ആനയ്ക്ക് 250 കിലോഗ്രാം തീറ്റ വേണം. പത്തും നാൽപ്പതും എണ്ണം ആനകളുടെ കൂട്ടം ഒരു പ്രദേശത്ത് മേഞ്ഞുകഴിഞ്ഞതിനുശേഷം തീറ്റതേടി അടുത്ത സ്ഥലത്തേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. അവർക്ക്

വർഷത്തിൽ ഒരു സ്ഥലത്തുനിന്നും ആരംഭിച്ച് മറ്റൊരു സ്ഥലത്തെത്തി അവിടെനിന്നും തിരിച്ചുപോരാൻവേണ്ടിയുള്ള സഞ്ചാരപഥങ്ങളായ ആനത്താരകളുണ്ട്. നേരത്തെ മന്ത്രി സൂചിപ്പിച്ചതുപോലെ ആ ആനത്താരകൾ നമ്മൾ തടസപ്പെടുത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾകൂടി ഇതിൽ ഗൗരവതരമാണ്. നമ്മുടെ നഗരവത്ക്കരണം, ഗതാഗത സംവിധാനങ്ങളുടെ വ്യാപനം ഇവയെല്ലാം പ്രധാന കാരണങ്ങളാണ്. വനത്തിലൂടെയുള്ള ഗതാഗത സംവിധാനങ്ങൾ കൂടുതൽ വേണമെന്നുള്ള ആവശ്യങ്ങൾ ഉയർന്നുവരികയാണ്. നമ്മുടെ ജനസംഖ്യാവർദ്ധനവും വികസന പദ്ധതികളും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ, ഭൂമിക്കും പ്രകൃതിവിഭവങ്ങൾക്കും വർദ്ധിച്ചുവരുന്ന ഡിമാന്റ്, എല്ലാ Natural resource-കളും നമ്മൾ കൂടുതൽ ഉപയോഗിക്കുകയാണ്, ഇത്തരത്തിൽ വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളാണ് ഇതിന്റെ മൂലകാരണങ്ങൾ. ഇതിന് ആഗോളതലത്തിൽ അംഗീകരിച്ചിരിക്കുന്ന ഒരു പോളിസി എന്നുപറയുന്നത് ഒരു Sustainable Co-existence ആണ്, സന്തുലിതമായ സഹജീവനം. അങ്ങ് പറഞ്ഞതുപോലെതന്നെയാണ്, മനുഷ്യനും ജീവിക്കാൻ കഴിയണം, അവരുടെ സ്വത്തുകൾ സംരക്ഷിക്കപ്പെടണം

വന്യജീവികൾക്കും ജീവിക്കാൻ കഴിയണം. അത്തരത്തിൽ സന്തുലിതമായ ഒരു സഹജീവനത്തിന്റെ ആവശ്യകതയാണ് പറയുന്നത്. നാശനഷ്ടങ്ങൾ കുറയ്ക്കാൻവേണ്ടിയുള്ള ഫലപ്രദമായ നടപടികളാണ് ആവശ്യം. എന്നാൽ അതിനുള്ള കൃത്യമായ നടപടികൾ ഇപ്പോൾ നമ്മുടെ കയ്യിലില്ല. എം.എൽ.എ.മാരുമായി ചർച്ച ചെയ്യുന്നതൊക്കെ നല്ല കാര്യം തന്നെയാണ്, ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ എം.എൽ.എ.മാരുടെ ചർച്ചകളിൽനിന്നും രൂപപ്പെടുത്തിയെടുക്കേണ്ട ഒരു പ്ലാൻ അല്ല നമുക്കാവശ്യം. Comprehensive management plan സർക്കാർ ഉണ്ടാക്കണം. ഇക്കാര്യത്തിൽ ആഗോളതലത്തിലും ദേശീയതലത്തിലുമുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി സമിതികൾ നിശ്ചയിച്ച് കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പശ്ചാത്തലത്തിൽ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും എന്ന് ആലോചിക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഒരു integrated plan-നുവേണ്ടി നമ്മുടെ പ്ലാനിംഗ് ബോർഡുതന്നെ ഒരു സ്പെഷ്യൽ സമിതിയെ നിയമിച്ചിട്ടുണ്ട്. ആ സമിതി അക്കാര്യങ്ങൾ പരിശോധിക്കണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. തീർച്ചയായും

അങ്ങയുടെ ആ നിർദ്ദേശം ഗൗരവമായിതന്നെ പരിഗണിക്കുന്നതാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ആവാസവ്യവസ്ഥയിലുള്ള വ്യതിയാനം സംബന്ധിച്ച് ഇപ്പോൾ റിപ്പോർട്ട് വന്നിട്ടുണ്ട്. അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടോയെന്നറിയില്ല. ഒന്ന്, കാട്ടിലെ കുറുക്കന്മാർ പൂർണ്ണമായും ഇല്ലാതായിരിക്കുകയാണ്. രണ്ട്, വനത്തിൽനിന്നും വലിയതോതിൽ മയിലുകൾ നാട്ടിൻപ്രദേശത്ത് എത്തിക്കൊണ്ടിരിക്കുന്നത് വനമേഖലയിൽ വലിയ അപകടം സംഭവിക്കാൻ സാധ്യതയുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് 195 രാജ്യങ്ങൾ സംയുക്തമായി പുറപ്പെടുവിച്ച ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. അതിൽ കാട്ടിലും കടലിലും സംഭവിക്കാൻപോകുന്ന കാലാവസ്ഥാ വ്യതിയാനമുണ്ടാക്കുന്ന അപകടകരമായ കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. കാട്ടിൽ കൂടുതലായി മയിൽ പ്രത്യക്ഷപ്പെട്ടാൽ കാട് നശിക്കാൻ തുടങ്ങുന്നു എന്നത് കാടുമായി ബന്ധപ്പെട്ട ആദിവാസികളിൽനിന്നും ലഭിച്ച ഒരു പ്രാചീനമായ അറിവാണ്. കാരണം മരങ്ങൾ വീണ്ടും മുളയ്ക്കുന്നതിനുവേണ്ടിയുള്ള

വിത്തുകളാണ് മയിലുകൾ ഭക്ഷിക്കുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മയിൽ ദേശീയപക്ഷിയായ പശ്ചാത്തലത്തിൽ അതിനെ തൊടുന്നതുപോലും കുറ്റകരമാണ് എന്ന വ്യവസ്ഥയാണ് നിലവിലുള്ളത് എന്നുകൂടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരിഗണിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, മയിൽ കുഴപ്പമൊന്നുമുണ്ടാക്കുന്നില്ല. പക്ഷെ മയിൽ പറന്നുവന്നതുകാരണം ബൈക്കിൽ സഞ്ചരിച്ച രണ്ടുപേർക്ക് അപകടം സംഭവിച്ചത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാധാരണനിലയിൽ മയിൽ കാണാൻ ഭംഗിയുള്ളതാണ്, നമ്മുടെ ദേശീയ പക്ഷിയാണ്, അതിനെ ഉപദ്രവിക്കേണ്ട യാതൊരു ആവശ്യവുമില്ല. പക്ഷെ അത് വിത്തുകളാണ് ഭക്ഷിക്കുന്നത്. അതിനാൽ കാടിന് സ്വാഭാവികമായ വളർച്ചയുണ്ടാകില്ല. പല ജില്ലകളിലും പല പഞ്ചായത്തുകളിലും ഇതുസംബന്ധിച്ച് വ്യത്യസ്തമായ പ്രശ്നങ്ങളാണുള്ളത്. ചില സ്ഥലങ്ങളിൽ ആനയാണ്, ചില സ്ഥലങ്ങളിൽ കാട്ടുപോത്താണ്, ചില സ്ഥലങ്ങളിൽ കാട്ടുപന്നിയാണ് അതുപോലെ കുരങ്ങുകൾ, മാനിന്റെ ശല്യമുള്ള സ്ഥലങ്ങളുമുണ്ട്. അപ്പോൾ എല്ലാ ജില്ലകളിലും

എല്ലാ പഞ്ചായത്തുകളിലും പല രീതിയിൽ ഇതിനെ നേരിടുന്നതിനുവേണ്ടിയുള്ള പ്രത്യേകമായ പ്ലാൻ വേണം എന്നാണ് പൊതുവായിട്ടുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പല ശാഖകളിൽനിന്നുള്ള അറിവുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള Interdisciplinary approach ഇക്കാര്യത്തിൽ വേണം. ഇന്ത്യയിലെ പല സംസ്ഥാനങ്ങൾ പല മാർഗ്ഗങ്ങൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാരം എന്നത് വലിയൊരു പ്രശ്നമാണ്. ഉദാഹരണത്തിന് ഉത്തർപ്രദേശിൽ സ്റ്റേറ്റ് ഡിസാസ്റ്റർ ഫണ്ടിലേയ്ക്ക് ഇതുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ പണം കുറച്ചുകൂടി കൂടുതൽ കൊടുക്കാൻ സാധിക്കും. ഉത്തരാഖണ്ഡിൽ കൃഷിയിടങ്ങളെയും വനാതിർത്തിയെയും തമ്മിൽ വേർതിരിക്കുന്നതിനുവേണ്ടി പ്രത്യേകമായി മരങ്ങൾതന്നെ നട്ടുപിടിപ്പിച്ചിട്ടുള്ള ബയോ ഫെൻസിംഗ് എന്ന പുതിയ സംരംഭം തുടങ്ങിയിട്ടുണ്ട്. നീലഗിരിയിൽ ആനത്താരയിൽ റിസോർട്ടുകൾ തുടങ്ങിയപ്പോൾ അത് സുപ്രീംകോടതിതന്നെ അടച്ചുപൂട്ടിച്ചു. അതുപോലെ പല ഇടപെടലുകളും കോടതികൾ നടത്തിയിട്ടുണ്ട്. ഒറീസയിൽ കാടിനകത്ത് ഫലവൃക്ഷങ്ങളുടെ വിത്തുകൾ വിതറുകയാണ്. അതുവഴി വന്യമൃഗങ്ങൾക്ക് കാടിനകത്തുതന്നെ ഭക്ഷണംകിട്ടാനുള്ള

സംവിധാനമുണ്ടാകും. അത്തരത്തിൽ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് ഗൗരവതരമായി ഒരു comprehensive management plan തയ്യാറാക്കണം. ആനത്താരകളെല്ലാം പുനസ്ഥാപിക്കപ്പെടണം, എങ്കിൽ ആനകളൊന്നും നാട്ടിലേയ്ക്ക് ഇറങ്ങില്ല. ആനത്താരകൾ എവിടെയെല്ലാമാണ് തടസ്സപ്പെട്ടത് എന്ന് മൊത്തമായി പരിശോധിക്കണം. ഇവിടെ പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്ത് 8000-ലധികം ആനകളുണ്ട്. മാത്രമല്ല, കർണ്ണാടക തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ അതിർത്തിയിൽനിന്നും വെള്ളത്തിനും ഭക്ഷണത്തിനുമായി ഓരോ സീസണിലും ആനകളിറങ്ങും. അപ്പോൾ പരമ്പരാഗതമായുണ്ടായിരുന്ന എല്ലാ ആനത്താരകളും പുനസ്ഥാപിക്കണം. അങ്ങ് തടയണകൾ കെട്ടുന്ന കാര്യം പറഞ്ഞു, കുടിവെള്ള സ്രോതസ്സുകൾ വനത്തിനകത്തുതന്നെയുണ്ടാകണം, അപ്പോൾ വെള്ളംതേടി ഇവ പുറത്തേയ്ക്ക് വരാത്ത സാഹചര്യമുണ്ടാകും. പല രാജ്യങ്ങളും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ അതാത് പ്രദേശത്തുള്ള മൃഗങ്ങൾ കഴിക്കുന്ന ഭക്ഷണസാധനങ്ങൾ കാടിനകത്തുതന്നെ കൃഷിചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ചെയ്യുകയാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, വളരെ പ്രസക്തമായ കാര്യങ്ങളാണ് സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ വനമേഖലയിൽ അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ ധാരാളം വൃക്ഷങ്ങൾ ഇപ്പോൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ അത് നമ്മുടെ പരിസ്ഥിതിക്ക് ദോഷമാണ്. വന മേഖലയിൽ ധാരാളം പ്രശ്നങ്ങളുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. അത്തരത്തിലുള്ള മരങ്ങൾ മുറിച്ചുമാറ്റി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനുള്ള സംവിധാനമുണ്ടായാൽ വന്യമൃഗങ്ങൾക്ക് ഭക്ഷണം ലഭിക്കുന്ന സാഹചര്യവും വരുമാനം വർദ്ധിക്കുന്ന അവസ്ഥയുമുണ്ടാകും. ആ കാര്യം കൂടെ ആലോചിച്ചുകൂടെ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, തീർച്ചയായും അതുതന്നെയാണ് ഞാൻ സൂചിപ്പിച്ചത്. സർക്കാർ പ്രയോരിറ്റി കൊടുത്തുചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാണത്. ഈ വിഷയത്തെ നേരിടുന്നതിനുവേണ്ടി ഭൂഗർഭജലം മുഴുവൻ വലിച്ചെടുക്കുന്ന പാരിസ്ഥിതിക സന്തുലനത്തിന് ദോഷകരമായ രീതിയിലുള്ള മരങ്ങൾ വെട്ടി മാറ്റി ഫലവൃക്ഷങ്ങൾ വനത്തിനകത്ത് നട്ടുപിടിപ്പിക്കാനുള്ള പദ്ധതി ലോക വ്യാപകമായിതന്നെ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെ എനിക്ക് ഒരു നിർദ്ദേശമുള്ളത്, ഇത്രയും ഗുരുതരമായ പ്രശ്നമുണ്ടാകുമ്പോൾ ഈ

സംഘർഷം നേരിടുന്നതിനും പ്രത്യേകമായി അത് കൈകാര്യം ചെയ്യുന്നതിനും വനം വകുപ്പിന്റെ Chief Conservator of Forests (CCF)-ന്റെ നേതൃത്വത്തിൽ പ്രത്യേകമായ ഒരു വിംഗ് ആരംഭിക്കണം. വളരെ അപകടകരമായ പ്രശ്നമെന്ന് പറയുന്നത് നഷ്ടപരിഹാര തുകയാണ്. അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ വേണം. ഇതെല്ലാം നടപ്പാക്കണമെങ്കിൽ പണം വേണം. അങ്ങ് പറഞ്ഞത് 22 കോടി രൂപ മാത്രമേയുള്ളുവെന്നാണ്. ഈ തുക വളരെ തുച്ഛമാണ്. ഗൗരവമായി ഈ കാര്യത്തെ നാം അഡ്രസ്സ് ചെയ്യണമെങ്കിൽ തീർച്ചയായും അതിന് വൻ തുക ആവശ്യമുണ്ട്. സഭയുടെയും ഉദ്യോഗസ്ഥന്മാരുടെയും ഭരണകൂടത്തിന്റെയും പൊതുജനങ്ങളുടെയും ഫോക്കസ്സിൽ വളരെ മുൻഗണന ആവശ്യമുള്ള ഒരു വിഷയമായി ഇത് വരികയാണ്. അതുകൊണ്ടാണ് സഭയിൽ ഈ വിഷയം ചർച്ച ചെയ്യണമെന്ന് പറയുന്നത്. അപ്പോഴേ ഇതൊരു ഗുരുതര പ്രശ്നമാണെന്നുള്ള ബോധ്യം എല്ലാവരുടെയും മനസ്സിലുണ്ടാകുകയും കൂടുതൽ പണം ഇതിനുവേണ്ടി നീക്കി വയ്ക്കപ്പെടുകയും ചെയ്യുകയുള്ളൂ. നേരത്തെ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ തീവ്രമായ കാലാവസ്ഥാ മാറ്റങ്ങൾ, തുടർച്ചയായുണ്ടാകുന്ന മഴ, തുടർച്ചയായുണ്ടാകുന്ന

വരൾച്ച, മലയിടിച്ചിലുകൾ ഇതൊക്കെ കാരണം വന്യജീവികളുടെ ആവാസ വ്യവസ്ഥയിൽനിന്നും അവർക്ക് സ്ഥാനചലനം സംഭവിക്കും. പാറമടകളിലുള്ള പ്രശ്നങ്ങളും വനത്തിനകത്തുണ്ടാകുന്ന എല്ലാ ഇടപെടലുകൾക്കും കൂടാതെ പ്രകൃതിയിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾമൂലം തുടർച്ചയായുണ്ടാകുന്ന പ്രശ്നങ്ങൾ കാരണം അപകടത്തിലേയ്ക്കാണ് നമ്മൾ പോകുന്നത്. ഇത് നിസ്സാരമായി കൈകാര്യം ചെയ്യേണ്ട വിഷയമല്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വന്യജീവികൾ പെരുകിയതോടുകൂടി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്നത് കൂടുതലാകുകയാണ്. ആന ഇറങ്ങുന്നത് ആൾക്കാർ താമസിക്കുന്ന പ്രദേശങ്ങളിലാണ്. മണ്ണാർക്കാടും മറ്റ് പരിസര പ്രദേശങ്ങളിലൊക്കെയാണ്. പാലക്കാട് ടൗണിനടുത്തുള്ള നാഷണൽ ഹൈവേയിൽകൂടിയാണ് ആനകൾ അപ്പുറത്തുനിന്നും ഇപ്പുറത്തേയ്ക്ക് കടക്കുന്നത്. വനം വകുപ്പിന്റെ കയ്യിൽ ആവശ്യത്തിന് ജീവനക്കാരോ എക്യുപ്മെന്റുകളോ വാഹനങ്ങളോയില്ലായെന്നതാണ് ഇവിടെയുള്ള വളരെ പ്രധാനപ്പെട്ട പ്രശ്നം. അതിനൊരു സംവിധാനമുണ്ടാക്കണം.

മി. സ്പീക്കർ: ഇതൊക്കെ ഉന്നയിക്കപ്പെട്ട കാര്യങ്ങളാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ആനയെ ആട്ടിയോടിക്കുന്നതിന് ഇപ്പോഴും പടക്കമെറിയുകയാണ്. ആനയ്ക്ക് ഇപ്പോൾ പടക്കം ശീലമായി. അതുകണ്ടാൽ ആന പോകുകയില്ല. റബ്ബർ ബുള്ളറ്റ് ഉപയോഗിച്ച് ആനയെ ഓടിക്കാനുള്ള പെർമിഷൻ കൊടുക്കണം.

<u>മി. സ്പീക്കർ</u>: ഏത് വിഷയം ചർച്ച ചെയ്യുമ്പോഴും ഇങ്ങനെ വഴങ്ങിക്കൊടുത്താൽ ബുദ്ധിമുട്ടായിരിക്കും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇനി ഞാൻ ആർക്കും വഴങ്ങുന്നില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. രണ്ട് നിർദ്ദേശമാണ് എനിക്ക് പറയാനുള്ളത്. ഇതിൽ സ്പെഷ്യൽ ഇൻഷ്വറൻസ് സ്കീം ഉണ്ടാക്കണം. അതായത് നേരത്തെ ശ്രീ. സണ്ണി ജോസഫ് ആരോഗ്യം, ലൈഫ് ഇൻഷ്വറൻസ്, ഹെൽത്ത് ഇൻഷ്വറൻസ്, അഗ്രികൾച്ചറൽ ഇൻഷ്വറൻസ് എന്നിവകളെപ്പറ്റി പറഞ്ഞു. വനാതിർത്തിയിൽ താമസിക്കുന്ന ആളുകൾക്കുവേണ്ടി ഒരു സ്പെഷ്യൽ ഇൻഷ്വറൻസ് സ്കീമുണ്ടാക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ സാമ്പത്തിക ഞെരുക്കം എത്രയും പെട്ടെന്ന് അവസാനിപ്പിച്ച് മുന്നോട്ടുപോകണം. ഇവിടെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയെ

സംബന്ധിച്ച് പറഞ്ഞു. ഹൈക്കോടതിയിൽ പോയ അഞ്ച് കർഷകർക്കാണ് ഡയറക്ഷൻ കൊടുത്തിരിക്കുന്നത്. " Under section 11 (1) (b) of the Wildlife Act to avert the said menace did not yield any result and that the only alternative to protect the interests of the farmers is to declare wild boars as vermin in specified areas in the State. I deem it appropriate to pass an interim order directing the Chief Wildlife Warden to permit the petitioners to hunt wild boars in the areas where their agricultural lands are situated as provided for in section 11 (1) (b) of the Act."

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇതിന്റെ അടിസ്ഥാനത്തിൽ പന്ത്രണ്ട് പേർക്ക് മാത്രമല്ല ലൈസൻസുള്ള എല്ലാവർക്കും വെടിവയ്ക്കുന്നതിനും വെടിവച്ചതിനുശേഷം റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവും കൊടുത്തിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, കാട്ടുപന്നികളെ വെടിവച്ചോടിക്കുക എന്നുള്ളത് ഒരു സൊല്യൂഷനല്ല. പക്ഷെ താൽകാലികമായി കൂട്ടമായി കൃഷിയിടങ്ങളെ ആക്രമിക്കുകയും മനുഷ്യരെ ആക്രമിക്കുകയും ചെയ്യുന്ന

സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ interim order പൊതുവൽക്കരിച്ച് എല്ലാവർക്കും ഉത്തരവ് കൊടുക്കുന്നതായി നിലനിർത്തണമെന്നാണ് അഭ്യർത്ഥന. ഈ സംഘർഷങ്ങളെ ലഘൂകരിക്കാനും നാശനഷ്ടങ്ങൾ കുറച്ചുകൊണ്ടുവരാനും ഒരു Comprehensive integrated plan ഗവൺമെന്റ് സ്വീകരിക്കുമെന്നുള്ള ഉറപ്പിന്റെ പുറത്ത് ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല. സമയബന്ധിതമായി ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സത്യത്തിൽ ഇവിടെ ഒരു ചർച്ച തന്നെ നടന്നു. അത് പ്രശ്നത്തിന്റെ ഗൗരവമാണ് കാണിക്കുന്നത്. ഇന്നത്തെ വിഷയ അവതാരകന്റെയും പ്രതിപക്ഷ നേതാവിന്റെയും മന്ത്രിയുടെയും ഇടപെടലിൽനിന്ന് ഉരുത്തിരിഞ്ഞ് വരുന്ന സമവായം വളരെ പ്രധാനമാണ്. ഞാൻ എന്റെ കുടുംബ വീടായ വയനാട്ടിൽ പോയാൽ അവിടെ നേരം വെളുത്ത് കണ്ണും തിരുമി മുറ്റത്തിറങ്ങിയാൽ ആന മുറ്റത്തുണ്ടാകും. സുൽത്താൻ ബത്തേരി ടൗണിന്റെ തൊട്ടപ്പുറത്താണ്. കാപ്പി തോട്ടത്തിൽ ആനയും കാട്ടുമൃഗങ്ങളും ഇറങ്ങുകയാണ്. ടൗണിൽ വരെ കാട്ടുമൃഗങ്ങൾ വരുന്ന സ്ഥിതിയാണ്. ഇത്

വയനാട്ടിൽ മാത്രമല്ല മറ്റ് പ്രദേശങ്ങളിലുമുണ്ട്. അവിടത്തെ കൃഷിക്കാരുടേയും മനുഷ്യന്റേയും സാമൂഹിക പ്രശ്നമായി മാറിക്കഴിഞ്ഞ ഒരു വിഷയമാണിത്. ഒന്നുകിൽ കളരിക്ക് പുറത്ത് അല്ലെങ്കിൽ ആശാന്റെ നെഞ്ചത്ത് എന്ന് ചിലർ പറഞ്ഞതുപോലെ പണ്ട് കൊല്ലുക തന്നെയായിരുന്നു. ഒരുപാട് വന്യജീവികളെ കൊന്നൊടുക്കിയിരുന്ന ഒരു സമയമുണ്ടായിരുന്നു. നായാട്ടൊക്കെ അനുവദിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നെ അതിൽ ശാസ്ത്രീയമായി ചെയ്യുന്ന രീതിയൊന്നും നോക്കാതെ ഇപ്പോൾ ഉപദ്രവകാരികളായ മൃഗങ്ങൾ വർദ്ധിച്ചിട്ടുണ്ട്. വിസ്തൃതി കുറഞ്ഞുവെന്ന് പറഞ്ഞത് ശരിയാണ്. ഇത് വലിയ സാമൂഹിക പ്രശ്നമായി വന്നിരിക്കുകയാണ്. ചില പ്രദേശങ്ങളിലെ ആളുകൾക്ക് ഒരു സുരക്ഷിത ബോധവുമില്ല. അതുകൊണ്ട് ഈ നടക്കുന്ന അഭിപ്രായ പ്രകടനങ്ങളുടെ അവസാനം ശാസ്ത്രീയമായ ഒരു രീതി അവലമ്പിക്കേണ്ടതാണ്. ലോകം മുഴുവൻ ഇതുപോലെ വനവും വന്യജീവികളുമൊക്കെയുണ്ട്. ആഫ്രിക്കയിൽ വളരെ കൂടുതലുണ്ട്. ലോകം മുഴുവനുള്ള ആളുകൾ സഫാരിയൊക്കെ കാണാൻ വേണ്ടി പോകുകയാണ്. പക്ഷെ അവിടെയാക്കെ ഇത്ര ഗുരുതരമായ ഒരു സാമൂഹിക പ്രശ്നമായി ഇത് നിലനിൽക്കുന്നില്ല.

ഇന്ത്യയിലും കേരളത്തിലും ഇതിനൊരു സൊല്യൂഷൻ അനിവാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ സംഗതിയെക്കുറിച്ച് നല്ല നിലയിൽ ആലോചിക്കുന്നുണ്ടെന്ന് പറഞ്ഞു പക്ഷെ എന്താണ് ചെയ്യേണ്ടതെന്ന് പറയുന്നില്ല. നല്ല നിലയിൽ ആലോചിക്കുന്നുവെന്ന് പറഞ്ഞാൽ അത് വന്യജീവികളോട് പറഞ്ഞാൽ മനസ്സിലാകുമോ: ഇങ്ങോട്ടുവരണ്ടായെന്ന് പറഞ്ഞ് അവരെ ബോധവൽക്കരിക്കാൻ പറ്റുമോ. അതുകൊണ്ട് ഏതെങ്കിലും രാജ്യത്ത് വിജയിച്ചിട്ടുള്ള നടപടികൾ കേരളത്തിലും പ്രയോഗവൽക്കരിക്കാൻ കഴിയുമെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി സജസ്റ്റ് ചെയ്യുകയും തുടർന്ന് സംസാരിക്കുകയും വേണം. അതിന്റെ അടിസ്ഥാനത്തിൽ എല്ലാവരും പിന്തുടരുകതന്നെ ചെയ്യും. അതിൽ യാതൊരു വ്യത്യാസവുമില്ല. ഇതിനൊരു സൊല്യൂഷനാണ് ആവശ്യം. അതുകൊണ്ടാണ് ഞങ്ങൾ വാക്കൗട്ട് വേണ്ടായെന്ന് പറയുന്നത്. അല്ലാത്തപക്ഷം ഗുരുതരമായ പ്രശ്നമായി വരുമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.